## മധുരമായ കുട്ടികളെ – ബാബയുടെ ദൃഷ്ടി പരിധിയുള്ളതിനും പരിധിയില്ലാത്ത തിനും ഉപരിപോകുന്നു, നിങ്ങൾക്കും പരിധിയുള്ളതിനും(സത്യയുഗം), പരിധിയില്ലാ ത്തതിനും(കലിയുഗം) ഉപരി പോകണം

**ചോദ്യം:–** ഉയർന്നതിലും ഉയർന്ന ജ്ഞാനരത്നങ്ങൾ വളരെ നന്നായി ധാരണയാകുന്നത് ഏത് കുട്ടി കൾക്കാണ്?

**ഉത്തരം:–** ആരുടെ ബുദ്ധിയോഗമാണോ ഒരു ബാബയുമായുള്ളത്, ആരാണോ പവിത്രമായി മാറിയത്, അവർക്ക് ഈ ജ്ഞാനരത്നങ്ങൾ വളരെ നന്നായി ധാരണയാകും. ഈ ജ്ഞാനത്തിന് വളരെ ശുദ്ധമായ പാത്രം ആവശ്യമാണ്. തലതിരിഞ്ഞ സങ്കല്പങ്ങൾ പോലും അവസാനിക്കണം. ബാബയുമായി യോഗം വെച്ചുവെച്ച് പാത്രം സ്വർണ്ണമായി മാറണം എങ്കിലേ രത്നത്തിന് ഇരിക്കാൻ സാധിക്കൂ.

**ഓം ശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛനിരുന്ന് ദിവസവും മനസ്സിലാക്കിത്ത രുന്നു. ഇത് കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് – ജ്ഞാനം, ഭക്തി പിന്നെ വൈരാഗ്യം എന്നിവകൊണ്ട് ഈ സൃഷ്ടിചക്രം നിർമ്മിച്ചിരിക്കുകയാണ്. ബുദ്ധിയിൽ ഈ ജ്ഞാനം ഉണ്ടായിരിക്കണം. നിങ്ങൾ കുട്ടി കൾക്ക് പരിധിയുള്ളതിനും പരിധിയില്ലാത്തതിനും ഉപരി പോകണം. ബാബയാണെങ്കിൽ പരിധിയുള്ള തിനും പരിധിയില്ലാത്തതിനും ഉപരിയാണ്. അതിന്റെ അർത്ഥവും മനസ്സിലാക്കണമല്ലോ. ആത്മീയ അച്ഛൻ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്. ഈ വിഷയവും മനസ്സിലാക്കിക്കൊടുക്കണം അതായത് ജ്ഞാനം, ഭക്തി പിന്നീടാണ് വൈരാഗ്യം. ജ്ഞാനത്തെയാണ് പകൽ എന്നു പറയുന്നത് അതായത് പുതിയ ലോകം. അവിടെ ഈ ഭക്തിയോ അജ്ഞാനമോ ഒന്നുമില്ല. അത് പരിധിയുള്ള ലോകമാണ് എന്തെന്നാൽ അവിടെ കുറച്ചുപേരേ ഉണ്ടാകൂ. പിന്നീട് പതുക്കെ പതുക്കെ വൃദ്ധി പ്രാപിക്കുന്നു. പകുതി സമയത്തിനുശേഷം ഭക്തി ആരംഭിക്കുന്നു. അവിടെ സന്യാസ ധർമ്മം ഉണ്ടാവുകയേയില്ല. സന്യാസം അഥവാ ത്യാഗം ഉണ്ടാ കുന്നേയില്ല. പിന്നീട് അതിനുശേഷമാണ് സൃഷ്ടിയുടെ വൃദ്ധി ഉണ്ടാകുന്നത്. മുകളിൽ നിന്നും ആത്മാ ക്കൾ വന്നുകൊണ്ടിരിക്കും. ഇവിടെ വൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കും. പരിധിയുള്ളതിൽ നിന്നും ആരംഭി ക്കുന്നു പരിധിയില്ലാത്തതിലേയ്ക്ക് പോകുന്നു. ബാബയുടെ ദൃഷ്ടിയാണെങ്കിൽ പരിധിയുള്ളതിനും പരി ധിയില്ലാത്തതിനും ഉപരിയായാണ് പോകുന്നത്. അറിയാം പരിധിയുള്ളതിൽ എത്ര കുറച്ച് കുട്ടികളേ ഉണ്ടാവൂ പിന്നീട് രാവണരാജ്യത്തിൽ എത്ര വൃദ്ധി ഉണ്ടാകുന്നു. ഇപ്പോൾ നിങ്ങൾക്ക് പരിധിയുള്ളതിനും പരിധിയി ല്ലാത്തതിനും ഉപരിയായി പോകണം. സത്യയുഗത്തിൽ എത്ര ചെറിയ ലോകമാണ്. അവിടെ സന്യാസം അല്ലെങ്കിൽ വൈരാഗ്യം മുതലായവ ഉണ്ടായിരിക്കില്ല. പിന്നീട് ദ്വാപരം മുതലാണ് മറ്റു ധർമ്മങ്ങൾ ആരം ഭിക്കുന്നത്. സന്യാസധർമ്മവും ഉണ്ടാകുന്നു അവർ വീടിനെ സന്യസിക്കുന്നു. എല്ലാവർക്കും അറിയണമ ല്ലോ. അതിനെയാണ് ഹഠയോഗം അഥവാ പരിധിയുള്ള സന്യാസം എന്നു പറയുന്നത്. കേവലം വീട് ഉപേ ക്ഷിച്ച് കാട്ടിലേയ്ക്ക് പോകുന്നു. ദ്വാപരം മുതലാണ് ഭക്തി ആരംഭിക്കുന്നത്. ജ്ഞാനം ഉണ്ടാവുകയേയില്ല. ജ്ഞാനം അർത്ഥം സത്യ ത്രേതായുഗങ്ങളിലെ സുഖം. ഭക്തി അർത്ഥം അജ്ഞാനവും ദുഃഖവും. ഇത് നല്ല രീതിയിൽ മനസ്സിലാക്കിക്കൊടുക്കണം പിന്നീട് ദുഃഖത്തിനും സുഖത്തിനും ഉപരിയാകണം. പരിധിയുള്ള തിനും പരിധിയില്ലാത്തതിനും ഉപരി. മനുഷ്യർ പരിശോധന നടത്താറുണ്ടല്ലോ. എവിടംവരെയാണ് സമുദ്ര മുള്ളത്, ആകാശമുള്ളത് എന്നെല്ലാം. വളരെ അധികം പരിശ്രമിക്കുന്നു പക്ഷേ അന്ത്യം കണ്ടെത്താൻ സാധിക്കുന്നില്ല. വിമാനത്തിൽ പോകുന്നു. അതിലും ഇത്രയും ഇന്ധനം ആവശ്യമാണ് തിരിച്ചു വരാനും സാധിക്കണം. വളരെ അധികം ദൂരം സഞ്ചരിക്കുന്നു പക്ഷേ പരിധിയില്ലാത്തതിലേയ്ക്ക് പോകാൻ സാധി ക്കില്ല. പരിധിയുള്ളത് വരേയ്ക്കേ പോകാൻ കഴിയൂ. നിങ്ങളാണെങ്കിൽ പരിധിയുള്ളതിനും പരിധിയില്ലാ ത്തതിനും ഉപരിയായി പോകുന്നു. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും ആദ്യം പുതിയ ലോകം പരിധിയുള്ളതായിരുന്നു. വളരെ കുറച്ച് മനുഷ്യരേ ഉണ്ടാവൂ. അതിനെയാണ് സത്യയുഗം എന്നു പറയുന്നത്. നിങ്ങൾ കുട്ടികൾക്ക് രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം ഉണ്ടായിരിക്കേണ്ടേ. ഈ ജ്ഞാനം മറ്റാരിലുമില്ല. പരിധിയുള്ളതിനും പരിധിയില്ലാത്തതിനും ഉപരിയായി ഇരിക്കുന്ന ബാബ യാണ് ഈ ജ്ഞാനം നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നത് മറ്റാർക്കും ഇത് മനസ്സിലാക്കിത്തരാൻ സാധിക്കി ല്ല. രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കിത്തരുന്നു എന്നിട്ട് പറയുന്നു ഇതിൽ നിന്നും ഉപരിയാവൂ. അവിടെ ഒന്നും ഉണ്ടാകില്ല. എത്ര ദൂരേയ്ക്ക് പോയാലും ആകാശം തന്നെ ആകാശ മായിരിക്കും. ഇതിനെയാണ് പറയുന്നത് പരിധിയുള്ളതിൽ നിന്നും പരിധിയില്ലാത്തതിൽ നിന്നും ഉപരി. അറ്റം കണ്ടെത്താനേ സാധിക്കില്ല. അറ്റമില്ലാത്തതെന്ന് പറയും. അറ്റമില്ലാത്തതെന്ന് പറയുന്നത് സഹജ മാണ് എന്നാൽ അറ്റം എന്നതിന്റെ അർത്ഥവും മനസ്സിലാക്കിയിരിക്കണം. ഇപ്പോൾ ബാബ നിങ്ങൾക്ക്

അറിവ് നൽകുകയാണ്. ബാബ പറയുന്നു ഞാൻ പരിധിയുള്ളതിനേയും അറിയുന്നു പരിധിയില്ലാത്തതിനേയും അറിയുന്നു. ഇന്ന ഇന്ന ധർമ്മങ്ങൾ ഇന്ന ഇന്ന സമയങ്ങളിലാണ് സ്ഥാപിക്കപ്പെട്ടത്! സത്യയുഗമാകുന്ന പരിധിയുള്ള ലോകത്തിലേയ്ക്ക് ദൃഷ്ടി പോകുന്നു. പിന്നീട് പരിധിയില്ലാത്ത കലിയുഗത്തിലേക്ക്. ഇനി നമ്മൾ ഇതിനും ഉപരി പോകും, അവിടെയാണെങ്കിൽ ഒന്നുമില്ല. സൂര്യ ചന്ദ്രന്മാർക്കും ഉപരിയായാണ് നമ്മൾ പോകുന്നത്, അവിടെയാണ് നമ്മുടെ ശാന്തിധാമം, മധുരമായ വീട്. നോക്കിയാൽ സത്യയുഗവും മധുരമായ വീടാണ്. അവിടെ ശാന്തിയുമുണ്ട് രാജ്യഭാഗ്യത്തിന്റെ സുഖവുമുണ്ട് – രണ്ടുമുണ്ട്. വീട്ടിലേയ്ക്ക് പോയാൽ അവിടെ ശാന്തിമാത്രമേ ഉണ്ടാകൂ. സുഖം എന്ന വാക്ക് തന്നെ ഇല്ല. ഇപ്പോൾ നിങ്ങൾ ശാന്തിയും സ്ഥാപിക്കുന്നുണ്ട്, സുഖ–ശാന്തിയും സ്ഥാപിക്കുന്നുണ്ട്. അവിടെ ശാന്തിയുമുണ്ട്, സുഖത്തിന്റെ രാജ്യവുമുണ്ട്. മൂലവതനത്തിലാണെങ്കിൽ സുഖത്തിന്റെ കാര്യമില്ല.

അരകല്പം നിങ്ങളുടെ ഭരണം നടക്കുന്നു പിന്നീട് അരകല്പത്തിനുശേഷം രാവണരാജ്യം വരുന്നു. അശാന്തി 5 വികാരങ്ങളാലാണ്. 2500 വർഷം നിങ്ങൾ രാജ്യം ഭരിക്കുന്നു പിന്നീട് 2500 വർഷങ്ങൾക്ക് ശേഷം രാവണ രാജ്യമാകുന്നു. അവരാണെങ്കിൽ ലക്ഷക്കണക്കിന് വർഷങ്ങളെന്ന് എഴുതി. തീർത്തും വിഡ്ഢികളാക്കി മാറ്റി. 5000 വർഷത്തിന്റെ കല്പത്തെ ലക്ഷക്കണക്കിന് വർഷം എന്നു പറയുന്നത് വിഡ്ഢിത്തമല്ലേ. അല്പം പോലും സഭ്യതയില്ല. ദേവതകളിൽ എത്ര ദൈവീകമായ സഭ്യതയുണ്ടായിരുന്നു. അത് ഇപ്പോൾ അസഭ്യമായിരിക്കുന്നു. ഒന്നും അറിയില്ല. ആസുരീയ അവഗുണങ്ങൾ വന്നു. മുമ്പ് നിങ്ങൾക്കും ഒന്നും അറിയില്ലായിരുന്നു. കാമകഠാരി പ്രയോഗിച്ച് ആദി മദ്ധ്യ അന്ത്യം ദുഃഖിയാക്കിക്കൊണ്ടിരുന്നു അതിനാലാണ് ഇതിനെ രാവണ സമ്പ്രദായം എന്നു പറയുന്നത്. രാമൻ വാനരരുടെ സൈന്യത്തെ ഉപയോഗിച്ചതായി കാണിച്ചിട്ടുണ്ട്. രാമചന്ദ്രൻ ത്രേതായുഗത്തിലാണ്, അവിടെ വാനരന്മാർ എവിടെ നിന്നു വന്നു ഒപ്പം പറയുന്നു രാമന്റെ സീതയെ കട്ടുകൊണ്ടുപോയി. ഇങ്ങനെയുള്ള കാര്യങ്ങൾ അവിടെ ഉണ്ടാകില്ല. ജീവികളും മൃഗങ്ങളും കൂടി 84 ലക്ഷം ഇനങ്ങൾ ഇവിടെയുണ്ട് അത്രയും സത്യയുഗത്തിലും ത്രേതായുഗത്തിലും ഉണ്ടാകില്ല. ബാബയിരുന്ന് ഈ പരിധിയില്ലാത്ത മുഴുവൻ ഡ്രാമയെക്കുറിച്ചും പറഞ്ഞുതരുന്നു. കുട്ടികൾ വളരെ ദീർഘദൃഷ്ടിയുള്ളവരായി മാറണം. മുമ്പ് നിങ്ങൾക്ക് ഒന്നും അറിയില്ലായിരുന്നു. മനുഷ്യരായിരുന്നിട്ടും നാടകത്തെ അറിയുന്നില്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ഏറ്റവും വലുത് ആരാണ്? ഉയർന്നതിലും ഉയർന്ന ഭഗവാൻ. ശ്ലോകങ്ങളും പാടുന്നുണ്ട് അങ്ങയുടെ നാമം ഉയർന്നതാണ്... ഇപ്പോൾ ഇത് നിങ്ങളുടെയല്ലാതെ മറ്റാരുടേയും ബുദ്ധിയിൽ ഇല്ല. നിങ്ങളും നമ്പർവൈസാണ്. ബാബ പരിധിയുള്ളതും പരിധിയില്ലാത്തതും രണ്ടിന്റേയും രഹസ്യം മനസ്സിലാക്കിത്തരുന്നു. അതിനും മുകളിലായി ഒന്നുമില്ല. അത് നിങ്ങളുടെ വാസസ്ഥാനം, അതിനെയാണ് ബ്രഹ്മാണ്ഡം എന്നും പറയുന്നത്. എങ്ങനെയാണോ ഇവിടെ നിങ്ങൾ ആകാശതത്വത്തിൽ ഇരിക്കുന്നത്, എന്താ ഇതിൽ എന്തെങ്കിലും കാണാൻ സാധിക്കുന്നുണ്ടോ? ആകാശവാണി എന്ന് റേഡിയോയിൽ പറയാറുണ്ട്. ആകാശമാണെങ്കിൽ അറ്റമില്ലാത്തതാണ്. അറ്റം കണ്ടെത്താൻ സാധിക്കില്ല. അപ്പോൾ ആകാശവാണി എന്ന് പറയുന്നതിലൂടെ മനുഷ്യൻ എന്ത് മനസ്സിലാക്കും. ഈ മുഖമാണ് ധ്രുവം. മുഖത്തിൽ നിന്നും ശബ്ദം ഉണ്ടാകുന്നു. ഇത് സാധാരണ കാര്യമാണ്. വായിൽ നിന്നും ശബ്ദം ഉണ്ടാകുന്നു അതിനെ ആകാശവാണി എന്നു പറയുന്നു. ബാബയ്ക്കും ആകാശത്തിലൂടെ ശബ്ദം പുറപ്പെടുവിയ്ക്കേണ്ടി വരും. നിങ്ങൾ കുട്ടികൾക്ക് തന്റേയും രഹസ്യം മുഴുവൻ പറഞ്ഞുതന്നിട്ടുണ്ട്. നിങ്ങൾക്ക് നിശ്ചയമുണ്ടാകുന്നു. ഇത് വളരെ സഹജമാണ്. എങ്ങനെയാണോ നമ്മൾ ആത്മാക്കൾ അതുപോലെ ബാബയും പരമമായ ആത്മാവാണ്. ഉയർന്നതിലും ഉയർന്ന ആത്മാവല്ലേ. എല്ലാവർക്കും അവരവരുടെ പാർട്ട് ലഭിച്ചിട്ടുണ്ട്. ഏറ്റവും ഉയർന്നതിലും ഉയർന്നത് ഭഗവാൻ പിന്നീട് പ്രവൃത്തി മാർഗ്ഗത്തിലെ യുഗിൾ മേരു. നമ്പർവൈസായിട്ടുള്ള മാല നോക്കൂ എത്ര കുറച്ചേയുള്ളു പിന്നീട് സൃഷ്ടി വർദ്ധിച്ച് വർദ്ധിച്ച് എത്ര വലുതാകുന്നു. എത്ര കോടി മണികൾ അഥവാ ആത്മാക്കളുടെ മാലയാണ്. ഇതെല്ലാം പഠിപ്പാണ്. ബാബ എന്താണോ മനസ്സിലാക്കിത്തരുന്നത് അതിനെ നല്ലരീതിയിൽ ധാരണ ചെയ്യൂ. വൃക്ഷത്തിന്റെ വിസ്താരത്തിലുള്ള കാര്യങ്ങൾ നിങ്ങൾ കേട്ടുകൊണ്ടിരിക്കുന്നു. ബീജം മുകളിലാണ്. ഇത് വ്യത്യസ്തമായ വൃക്ഷമാണ്. ഇതിന്റെ ആയുസ്സ് എത്രയാണ്. വൃക്ഷം വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കും അതിനാൽ ഇത് മുഴുവൻ ദിവസവും ബുദ്ധിയിൽ ഉണ്ടായിരിക്കണം. ഈ സൃഷ്ടിയാകുന്ന കല്പവൃക്ഷത്തിന്റെ ആയുസ്സ് കൃത്യമാണ്. 5000 വർഷത്തിൽ നിന്നും ഒരു സെക്കന്റിന്റെ വ്യത്യാസം പോലും ഉണ്ടാവില്ല. നിങ്ങൾ നല്ല ശക്തിശാലികളായ കുട്ടികളുടെ ബുദ്ധിയിൽ ഇപ്പോൾ എത്ര ജ്ഞാനമാണ്. എപ്പോൾ പവിത്രമാകുന്നുവോ അപ്പോഴേ ശക്തിശാലിയാകൂ. ഈ ജ്ഞാനത്തിന്റെ ധാരണയുണ്ടാകാൻ സ്വർണ്ണ പാത്രം വേണം. പിന്നീട് ഏതുപോലെ ബാബയ്ക്ക് സഹജമാണോ അതുപോലെ സഹജമായി മാറും. പിന്നീട് നിങ്ങളേയും പറയും മാസ്റ്റർ ജ്ഞാനസാഗരൻ. നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് മാലയിലെ മുത്തായി മാറും. ഇങ്ങനെ ഇങ്ങനെയുള്ള കാര്യങ്ങൾ ബാബയ്ക്കല്ലാതെ മറ്റാർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ഈ ആത്മാവും മനസ്സിലാക്കിത്തരുന്നുണ്ട്. ബാബയും ഈ ശരീരത്തിലൂടെയാണ്

മനസ്സിലാക്കിത്തരുന്നത്, അല്ലാതെ ദേവതകളുടെ ശരീരത്തിലൂടെയല്ല. ബാബ ഒരു തവണ മാത്രമാണ് വന്ന് ഗുരുവായി മാറുന്നത് വീണ്ടും ബാബയ്ക്കുതന്നെ പാർട്ട് അഭിനയിക്കണം. 5000 വർഷങ്ങൾക്കുശേഷം വന്ന് പാർട്ട് അഭിനയിക്കും.

ബാബ മനസ്സിലാക്കിത്തരുന്നു ഉയർന്നതിലും ഉയർന്നത് ഞാനാണ്. പിന്നീടാണ് മേരു. ആരാണോ ആദിയിൽ മഹാരാജാവും മഹാറാണിയുമായിരുന്നത് അവർ അന്തിമത്തിൽ ആദിദേവനും ആദിദേവിയുമായി മാറും. ഈ മുഴുവൻ ജ്ഞാനവും നിങ്ങളുടെ ബുദ്ധിയിലുണ്ട്. നിങ്ങൾ എവിടെച്ചെന്ന് മനസ്സിലാക്കിക്കൊടുത്താലും അത്ഭുതപ്പെടും. ഇവർ പറയുന്നത് ശരിയാണല്ലോ. മനുഷ്യസൃഷ്ടിയുടെ ബീജരൂപം തന്നെ ജ്ഞാനസാഗരനാണ്. അവർക്കല്ലാതെ മറ്റാർക്കും ജ്ഞാനം നൽകാൻ സാധിക്കില്ല. ഈ മുഴുവൻ കാര്യങ്ങളും ധാരണ ചെയ്യണം എന്നാൽ കുട്ടികൾക്ക് ധാരണയാവുന്നില്ല. വളരെ സഹജമാണ്. ഒരു ബുദ്ധിമുട്ടുമില്ല. ഇതിൽ ഒന്നാമത് ഓർമ്മയുടെ യാത്രവേണം പിന്നെ ജ്ഞാനരത്നങ്ങൾ ശേഖരിക്കാൻ പവിത്രമായ പാത്രവും വേണം. ഇത് ഉയർന്നതിലും ഉയർന്ന രത്നമാണ്. ബാബ വജ്രവ്യാപാരിയല്ലേ. വളരെ നല്ല വജ്രവും മാണിക്യവും വരുമായിരുന്നു അപ്പോൾ നല്ല വെള്ളിഡബ്ബയിൽ പഞ്ഞിയിൽ പൊതിഞ്ഞ് വെയ്ക്കുമായിരുന്നു. ആര് കണ്ടാലും പറയുമായിരുന്നു ഇത് വളരെ ഒന്നാന്തരമായ വസ്തുവാണ്. ഇതും അതുപോലെയാണ്. നല്ല വസ്തുക്കൾ നല്ല പാത്രത്തിലാണ് ശോഭിക്കുക. നിങ്ങളുടെ കാതുകൾ കേൾക്കുന്നു. അതിൽ ധാരണയുണ്ടാകുന്നു. പവിത്രമാണെങ്കിൽ, ബുദ്ധിയോഗം ബാബയിലാണെങ്കിൽ വളരെ നന്നായി ധാരണയുണ്ടാകുന്നു. ഇല്ലെങ്കിൽ എല്ലാം പോകും. ആത്മാവും എത്ര ചെറുതാണ്. അതിൽ എത്ര ജ്ഞാനം നിറഞ്ഞിരിക്കുന്നു. എത്ര നല്ല ശുദ്ധമായ പാത്രം വേണം. ഒരു സങ്കല്പവും വരരുത്. തലതിരിഞ്ഞ സങ്കല്പങ്ങൾ മുഴുവൻ അവസാനിക്കണം. എല്ലാ ഭാഗത്തുനിന്നും ബുദ്ധിയോഗത്തെ വേർപെടുത്തണം. എന്നോട് യോഗം വെച്ച് വെച്ച് പാത്രത്തെ സ്വർണ്ണമാക്കി മാറ്റൂ എങ്കിൽ രത്നങ്ങൾ നിൽക്കും. പിന്നീട് മറ്റുള്ളവർക്ക് ദാനം നൽകിക്കൊണ്ടിരിക്കും. ഭാരതത്തെ മഹാദാനിയാണെന്ന് പറയാറുണ്ട്, അവർ ധനം ഒരുപാട് ദാനം ചെയ്യുന്നുണ്ട്. ദേഹസഹിതം എന്തെല്ലാമുണ്ടോ അതിനെയെല്ലാം ഉപേക്ഷിച്ച് ബുദ്ധിയോഗം ഒരാളുമായി വെയ്ക്കണം. ഞാൻ ബാബയുടേതാണ്, ഇതിലാണ് പരിശ്രമം. പ്രധാന ലക്ഷ്യം ബാബ പറഞ്ഞുതരുന്നു. പുരുഷാർത്ഥം ചെയ്യുക എന്നത് കുട്ടികളുടെ ജോലിയാണ്. ഇപ്പോൾ മാത്രമേ ഇത്ര വലിയ പദവി നേടാൻ സാധിക്കൂ. ഒരു തലതിരിഞ്ഞ സങ്കല്പവും വികല്പവും വരരുത്. ബാബ തന്നെയാണ് ജ്ഞാനസാഗരൻ, പരിധിയുള്ളതിനും പരിധിയില്ലാത്തതിനും മുകളിലാണ്. ഇരുന്ന് എല്ലാം മനസ്സിലാക്കിത്തരുന്നു. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ബാബ നമ്മളെ നോക്കുന്നു അപ്പോൾ നമ്മൾ പരിധിയുള്ളതിനും പരിധിയില്ലാത്തതിനും ഉപരി പോകുന്നു. ഞാനും അവിടെയാണ് വസിക്കുന്നത്. നിങ്ങളും പരിധിയുള്ളതിനും പരിധിയില്ലാത്തതിനും ഉപരി പോകൂ. സങ്കല്പമോ വികല്പമോ ഒന്നും വരരുത്. ഇതിൽ പരിശ്രമം ആവശ്യമാണ്. ഗൃഹസ്ഥ വ്യവഹാരത്തിൽ ഇരുന്നുകൊണ്ടും കമലപുഷ്പ സമാനം കഴിയണം. കൈകൾ ജോലിചെയ്യണം, ഹൃദയം ഭഗവാനിൽ മുഴുകണം. ഗൃഹസ്ഥികൾ ഒരുപാടുണ്ട്. ഗൃഹസ്ഥികൾ എത്ര എടുക്കുന്നുണ്ടോ അത്ര കൂടെയിരിക്കുന്ന കുട്ടികൾ എടുക്കുന്നില്ല. സെന്റർ നടത്തുന്നവർ, മുരളി നടത്തുന്നവർ പോലും തോറ്റുപോകുന്നു എന്നാൽ പഠിക്കുന്നവർ ഉയർന്ന പദവിയിൽ എത്തും. മുന്നോട്ട് പോകവേ നിങ്ങൾക്ക് എല്ലാം മനസ്സിലാകും. ബാബ പറയുന്നത് വളരെ ശരിയാണ്. നമ്മെ പഠിപ്പിച്ചിരുന്നത് ആരാണോ അവരെ മായ വിഴുങ്ങി. മഹാരഥിയെ മായ പൂർണ്ണമായും വിഴുങ്ങിക്കളഞ്ഞു. ഇപ്പോൾ ഇല്ല. മായാവിയായി രാജ്യദ്രോഹിയായി മാറി. വിദേശങ്ങളിലും ചാരന്മാർ ഉണ്ടാകുമല്ലോ. പലയിടങ്ങളിലും പോയി അഭയം തേടുന്നു. ആരാണോ ശക്തിശാലി അവരുടെ അടുത്തേയ്ക്ക് പോകുന്നു. ഈ സമയത്ത് മരണം മുന്നിലല്ലേ അതിനാൽ വളരെ ശക്തിശാലിയായവരുടെ അടുത്തേയ്ക്ക് പോകും. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ബാബയാണ് ശക്തിശാലി. ബാബ സർവ്വശക്തിവാനാണ്. നമ്മെ പഠിപ്പിച്ച് പഠിപ്പിച്ച് മുഴുവൻ വിശ്വത്തിന്റേയും അധികാരിയാക്കി മാറ്റുന്നു. അവിടെ എല്ലാം ലഭിക്കും. ഏതെങ്കിലും വസ്തു പ്രാപ്തമാക്കാനായി പുരുഷാർത്ഥം ചെയ്യാൻ അവിടെ അപ്രാപ്തമായ ഒരു വസ്തുവും ഉണ്ടായിരിക്കില്ല. നിങ്ങളുടെ പക്കലില്ലാത്ത ഒരു വസ്തുവും അവിടെയുണ്ടാകില്ല. അവിടെയും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ് പദവി ലഭിക്കുന്നത്. ബാബയ്ക്കല്ലാതെ മറ്റാർക്കും ഈ കാര്യങ്ങൾ അറിയില്ല. എല്ലാവരും പൂജാരികളാണ്. ശങ്കരാചാര്യരെപ്പോലെയുള്ള വലിയ വലിയ ആളുകളുണ്ട്, ബാബ അവരുടെ മഹിമയും കേൾപ്പിക്കുന്നുണ്ട്. മുമ്പ് പവിത്രതയുടെ ശക്തികൊണ്ട് ഭാരതത്തെ വളരെ നന്നായി നിലനിർത്താൻ നിമിത്തമായി. അത് സതോപ്രധാനമായിരുന്നപ്പോഴാണ്. ഇപ്പോഴാണെങ്കിൽ തമോപ്രധാനമാണ്. അവരിൽ എന്ത് ശക്തിയാണ് ഉള്ളത്. പൂജാരിയായിരുന്ന നിങ്ങൾ ഇപ്പോൾ വീണ്ടും പൂജ്യരായി മാറുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ജ്ഞാനവുമുണ്ട്. ബുദ്ധിയിൽ ധാരണയാവണം പിന്നീട് നിങ്ങൾ മനസ്സിലാക്കിക്കൊടുത്തുകൊണ്ടിരിക്കൂ. ബാബയേയും ഓർമ്മിക്കൂ. ബാബ തന്നെയാണ് മുഴുവൻ വൃക്ഷത്തിന്റേയും രഹസ്യം മനസ്സിലാക്കിത്തരുന്നത്. കുട്ടികൾക്കും ഇതുപോലെ മധുരമായി മാറ

ണം. യുദ്ധമല്ലേ. മായയുടെ കൊടുങ്കാറ്റും ഒരുപാട് വരുന്നു. എല്ലാം സഹിക്കേണ്ടതായി വരും. ബാബയുടെ ഓർമ്മയിൽ ഇരിക്കുന്നതിലൂടെ എല്ലാ കൊടുങ്കാറ്റുകളും ഇല്ലാതാകും. ഹാത്മതായിയുടെ കഥയും പറയാറുണ്ടല്ലോ. നാണയം ഇട്ടാൽ മായ ദൂരെപ്പോകും. നാണയം പുറത്ത് എടുത്താൽ മായ വരുമായിരുന്നു. തൊട്ടാവാടി ഉണ്ടല്ലോ. കൈവെച്ചാൽ വാടും. മായ വളരെ തീവ്രമാണ്, ഇത്രയും ഉയർന്ന പഠിപ്പ് പഠിക്കെ പഠിക്കെ ഇരിക്കുന്ന ഇരുപ്പിൽ വീഴ്ത്തിക്കളയും അതിനാൽ ബാബ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു സ്വയം എല്ലാവരും സഹോദരങ്ങളാണ് എന്ന് മനസ്സിലാക്കു എങ്കിൽ പരിധിയുള്ളതിനും പരിധിയില്ലാത്തതിനും ഉപരി പോകാൻ സാധിക്കും. ശരീരമേയില്ലെങ്കിൽ പിന്നെ ദൃഷ്ടി എവിടെപ്പോകാനാണ്. ഇത്രയും പരിശ്രമം ചെയ്യണം, കേട്ട് സ്തംഭിച്ച് നിൽക്കരുത്. കല്പ കല്പം നിങ്ങളുടെ പുരുഷാർത്ഥം നടക്കുന്നു പിന്നീട് നിങ്ങൾ നിങ്ങളുടെ ഭാഗ്യം നേടുന്നു. ബാബ പറയുന്നു പഠിച്ചത് എല്ലാം മറക്കൂ. ബാക്കി ഒരിയ്ക്കലും പഠിക്കാത്തത് എന്താണോ അത് പഠിക്കൂ ഓർമ്മിക്കൂ. അതിനെ ഭക്തിമാർഗ്ഗം എന്നാണ് പറയുന്നത്. നിങ്ങൾ രാജഋഷികളല്ലേ. മുരളി കേൾപ്പിക്കൂ. സാധു-സന്യാസിമാർ എന്തെല്ലാം കേൾപ്പിക്കുന്നുവോ അവയെല്ലാം മനുഷ്യരുടെ മുരളിയാണ്. ഇതാണ് പരിധിയില്ലാത്ത ബാബയുടെ മുരളി. സത്യ ത്രേതായുഗങ്ങളിൽ ജ്ഞാനത്തിന്റെ മുരളിയുടെ ആവശ്യമില്ല. അവിടെ ജ്ഞാനത്തിന്റേയോ ഭക്തിയുടേയോ ആവശ്യമില്ല. ഈ ജ്ഞാനം നിങ്ങൾക്ക് ലഭിക്കുന്നത് സംഗമത്തിലാണ് മാത്രമല്ല നൽകുന്നയാൾ ബാബയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബുദ്ധിയിൽ ജ്ഞാനരത്നങ്ങളെ ധാരണ ചെയ്ത് ദാനം ചെയ്യണം. പരിധിയുള്ളതിനും പരിധിയില്ലാത്തതിനും ഉപരിയായി ഇങ്ങനെയൊരു സ്ഥിതിയിൽ ഇരിക്കണം ഒരിയ്ക്കലും തലതിരിഞ്ഞ സങ്കല്പമോ വികല്പമോ വരരുത്. നമ്മൾ ആത്മാക്കൾ സഹോദരങ്ങളാണ് എന്ന സ്മൃതി ഉണ്ടായിരിക്കണം.

2) മായയുടെ കൊടുങ്കാറ്റുകളിൽ നിന്നും രക്ഷപ്പെടുന്നതിനായി വായിൽ ബാബയുടെ ഓർമ്മയാകുന്ന നാണയം ഇടണം. എല്ലാം സഹിക്കണം. തൊട്ടാവാടിയാകരുത്. മായയോട് തോൽക്കരുത്.

## വരദാനം:- സദാ ഒന്നിന്റെ സ്നേഹത്തിൽ മുഴുകിക്കൊണ്ട് ഒരു ബാബയിൽ അഭയം തേടുന്ന സർവ്വ ആകർഷണ മുക്തരായി ഭവിക്കട്ടെ.

ഏത് കുട്ടികളാണോ ഒരു ബാബയുടെ സ്നേഹത്തിൽ മുഴുകിയിരിക്കുന്നത് അവർ സർവ്വ പ്രാപ്തികളാലും സമ്പന്നരും സന്തുഷ്ടരുമായിരിക്കും. അവരെ ഏതൊരു വിധത്തിലുമുള്ള ആശ്രയത്തിനും ആകർഷിതരാക്കാൻ സാധിക്കില്ല. അവർക്ക് സഹജമായിത്തന്നെ ഒരു ബാബ രണ്ടാമതാരുമില്ല-ഈ അനുഭൂതിയുണ്ടാകുന്നു. അവരുടെ ലോകം ഒരു ബാബ തന്നെയാണ്, ഒരു ബാബയിൽ നിന്ന് തന്നെ സർവ്വ സംബന്ധങ്ങളുടെയും രസത്തിന്റെ അനുഭവമുണ്ടാകുന്നു. അവരെ സംബന്ധിച്ച് സർവ്വ പ്രാപ്തികളുടെയും ആധാരം ഒരു ബാബയാണ് അല്ലാതെ സാധനങ്ങളോ വൈഭവങ്ങളോ അല്ല, അതിനാൽ അവർ സർവ്വ ആകർഷണങ്ങളിൽ നിന്നും മുക്തരായി മാറുന്നു.

## സ്ലോഗൻ:- പ്രകൃതിയെ പാവനമാക്കണമെങ്കിൽ സമ്പൂർണ്ണ മോഹമുക്തരാകൂ.